**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1640 — 05.02.2019 ലെ മറുപടിക്ക്

**ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ വീട് വെയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയിൽ വീട് വെയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം വകുപ്പ് 2,4 (i) ഉപവകുപ്പ് പ്രകാരം "ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ പ്രകാരം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതും, റവന്യൂ ഡിവിഷണൽ ഓഫീസർ അപ്രകാരമുള്ള അപേക്ഷകൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മൂന്ന് മാസത്തിനുള്ളിൽ തീർപ്പാക്കേണ്ടതും, അപ്രകാരമുള്ള തീരുമാനത്തിൽ പ്രസ്തുത ഡാറ്റാ ബാങ്കിൽ നെൽവയലായോ, തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ഭൂമി അപ്രകാരമുള്ള ഭൂമിയല്ല എന്ന് റവന്യൂ ഡിവിഷണൽ ഓഫീസർ കാണുന്നപക്ഷം, ആയത് ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്യുതായി കരുതപ്പെടുന്നതുമാണ്" എന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി, 2018-ലെ കേരള നെയൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിലെ, ചട്ടം 4 ഡി പ്രകാരമുള്ള ഫാറം 5-ൽ ആർ.ഡി.ഒ.യ്ക്ക് അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെട്ട ശേഷം പ്രസ്തുത ഭൂമി ക്രമപ്പെടുത്തുന്നതിന് ഫാറം 6/ഫാറം 7-ൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്. |
| (ബി) പ്രസ്തുത നിയമപ്രകാരം അനുമതി നൽകിയ സ്ഥലങ്ങളിൽ വീട് നിർമ്മിക്കുന്ന കാലഘട്ടത്തിൽ പ്രസ്തുത ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെട്ടാൽ വീടിന്റെ വിസ്തീർണ്ണം 120 ചതുരശ്രമീറ്റർ എന്ന പരിധിയിൽ നിന്നും വർദ്ധിപ്പിക്കുവാൻ നിയമം അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) വീടിന്റെ വിസ്തീർണ്ണം 120 ച.മീറ്ററിൽ കൂടുന്ന കേസുകളിൽ പരിവർത്തനപ്പെടുത്തേണ്ടുന്ന ഭൂമിയ്ക്ക്, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത ഫാറത്തിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതും, അപേക്ഷ പരിഗണിക്കാത്ത പക്ഷം, ടി ചട്ടങ്ങൾ പ്രകാരമുള്ള നിശ്ചിത ഫീസടച്ച് ടി ഭൂമി പരിവർത്തനം ചെയ്യേണ്ടതുമാണ്. ശേഷം, തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി പ്രകാരം കെട്ടിട വിസ്തൃതി 120 ച.മീറ്ററിൽ പരിധിയിൽ നിന്നും വർദ്ധിപ്പിക്കാവുന്നതുമാണ്. |
| (സി) ഇത്തരത്തിൽ പരിധി കൂട്ടിയാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റും വീട്ടു നമ്പറും കിട്ടാനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) നിലവിൽ കേരള മുനിസിപ്പൽ/പഞ്ചായത്ത് നിർമ്മാണ ചട്ടങ്ങൾ പ്രകാരം കംപ്ലീഷൻ സർട്ടിഫിക്കറ്റും വീട്ടു നമ്പറും കിട്ടാനുള്ള വ്യവസ്ഥകൾ തന്നെയാണ് ഇത്തരത്തിൽ പരിധി വർദ്ധിപ്പിക്കുന്ന കെട്ടിടങ്ങൾക്കും ബാധകമായിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**